Mr. President: As it now stands, there are two motions that are clearly admissible—one about food and the other about the difficulty to get cloth. These will be taken up on the afternoon of non-official days, the first one on Thursday and the second one on Saturday.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Sir, if I am going to be fortunate by tomorrow to have the other two motions also admitted on due consideration by the Chair, there will be four motions for discussion and there are four days more, inclusive of today for the Council as now fixed. The inevitable consequences of the admitted motions being taken up on the last two days would be that if the other two are admitted, they won't come up at all. As used to be done previously, these two admitted motions may be put down for today and for tomorrow and in the event of the fortunate admission of the other two, they may lie over for any one of those days or both the days. That is the suggestion which I place before the Chair. And I place this request on the ground of precedents of this House, the latest being the discussion on food—an ajournment motion upon, I think, the demand for General Administration.

Mr. President: These two days are Government days set apart for Government business.

Mr. M. Sivarama Menon *(Constitutional Adviser)*: The Government do not wish to stand in the way, of admitted adjournment motions being discussed. If the Hon'ble President so decides, one motion may be taken up today and the other tomorrow, because only one motion can be discussed on a day.

Mr. P. Kumaran Ezhuthassan *(Vadakkancheri)*; Sir, nobody wants time for preparation. The Government do not want time. So, let it be today.

Mr. C. S. Panicker *(Ezhuvas Trichur)*: Has the Hon'ble Member got the leave of the House?

Mr. President: Nobody opposed.

Mr. P. K. Dewer *(Nominated)*: We were not asked, Sir.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Such remarks coming from the Deputy President !

Mr. President: The first adjournment motion will be taken up tomorrow and the other the next day.

Mr. Parambi Lonappen *(Irinjalakkuda)*: Tomorrow at what time, Sir?

Mr. President: As usual at 3-30 p. m.

4. DEMANDS FOR SUPPLEMENTARY GRANTS *(cont.)*

23—Education—11—Miscellaneous *(cont.)*

Mr. P. Govinda Menon *(Prime Minister)*: The first motion was under discussion yesterday.

Mr. President: The question is that the Government be granted a sum of Rs. 1,000 under "23—Education-11—Miscellaneous—4—Grants, Contributions and Scholarships—Contribution to Medical and Engineering Colleges".

Demand put and carried

(ii) 26—Medical—Medical Proper—Temporary Establishment

Rao Bahadur T. K. Nayar *(Minister for Public Health)*: Sir, I move for a supplementary grant of Rs. 2,200 under "26—Medical Proper-temporary establishment". The Chief Medical Officer, the head of the Medical Department is purely a technical officer unlike many other heads of departments. The Civil Surgeons and Assistant Surgeons, who are in charge of subordinate institutions, are also technical officers like the Chief Medical Officer. They too have not got adequate administrative experience. Consequently the Administrative side of the department does not receive proper attention and supervision. The Medical Department is spending about 15 lakhs of rupees a year through the various medical institutions. From experience it is found that better supervision and control is necessary in the administrative activities of this big department. Therefore, it is proposed to appoint an administrative Assistant to the Chief Medical Officer immediately, on a grade of Rs. 175-5-200-10-300 per mensem to look into the administrative details of the department. The necissity for creating such a post was being felt for some time past. But certain irregularities detected recently in the working of the department led to the conclusion that the proposal cannot be postponed any longer. I request that the House may be pleased to sanction the grant.

LIBRARY ARCHIVES Kerala Legislative Assembly

Cut Motion No. 1.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: *"To omit the allotment of Rs. 2,200 for temporary establishment in demand No. 26- Medical"*: That such a post is not necessary at all.) ഇതാണ് എന്റെ ഖണ്ഡനോപക്ഷേപം. ഇതിനെക്കുറിച്ച് ചില വിവരങ്ങൾ എനിക്കാവശ്യമുള്ളതു ദയവായി പറഞ്ഞുതന്നാൽ കൊള്ളാം. അതായതു് ചീഫ് എഞ്ചിനീയരുടെ ആപ്പീസിലും വിദ്യാഭ്യാസവകുപ്പിലും ഈ ജോലികൾ നിർവ്വഹിക്കുന്നതെങ്ങിനെയാണ്? Before moving the cut, Sir, as hinted and advised by the Prime Minister at the last session, I would like to get certain information. I would like to know who are doing administraiive work of the departments that are spending more than 15 lakhs of rupees per year, *e. g.*, the Education Department, the Engineering Departments, etc.

Mr. P. Govinda Menon *(Prime Minister)*: In the matter of the Education Department, as the Hon'ble Member knows, there are not large amounts spent by the head of the department. The budget allotment for the department of education is mainly spent as salary of teachers and also as grant to private Schools. For furniture and for buildings, the amounts are spent by the Public Works Department. Therefore, unlike the Medical Department, the Education Department is one where this matter of spending money does not arise.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: And about the Engineering Department also I would like to know.

മിസ്റ്റർ കെ. അയ്യപ്പൻ: ചീഫ് എഞ്ചിനീയർക്ക് ആദ്യം ഒരു Personal Assistant ഉണ്ടായിരുന്നു. ഇപ്പോൾ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഉള്ളതുകൊണ്ടു ചീഫ് എഞ്ചിനീയരുടെ work കുറഞ്ഞിട്ടുണ്ട്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഞാൻ ചോദിക്കുന്നതു് അതല്ല. ഏതൊരു പ്രവർത്തി വിഭാഗത്തിന്റെ വീഴ്ചകളെ ഇല്ലായ്മചെയ്യുവാനാണോ, ഈ മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിൽ ഇങ്ങിനെ ഒരു ഉദ്യോഗസ്ഥനെ നിയമിക്കണമെന്നാവശ്യപ്പെട്ടതു് എന്നുണ്ടെങ്കിൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെണ്ടിലും, എഞ്ചിനീയറിങ്ങ് ഡിപ്പാർട്ടുമെണ്ടിലും, അതേ പ്രവർത്തിവിഭാഗം ഏതുദ്യോഗസ്ഥനാണു് നടത്തുന്നതു് എന്നാണ് എന്റെ ചോദ്യം.

മിസ്റ്റർ കെ. അയ്യപ്പൻ: അതാണ് ഞാൻ പറയുന്നതു്. എഞ്ചിനീയറിങ്ങ് ഡിപ്പാർട്ടുമെണ്ടിൽ ചീഫ് എഞ്ചിനീയരാണ് നടത്തുന്നതു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെണ്ടിൽ വല്ലവരേയും വെച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവിടെ ആപ്പീസ് മാനേജരുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇവിടെ വായിച്ച Notes-ൽ ഇന്ന ആവശ്യത്തിനാണ് ഉദ്യോഗസ്ഥനെ വയ്ക്കാൻ പോകുന്നതു് എന്നു് പറഞ്ഞിട്ടുണ്ടു്. ഇതു് വെയ്ക്കാതിരിക്കുന്നതുകൊണ്ടു് വന്നിരിക്കുന്ന അപാകത്തുകളേയും സൂചിപ്പിച്ചിട്ടുണ്ടു്. ആ ജോലി മുൻപറഞ്ഞ ഡിപ്പാർട്ടുമെണ്ടുകളിൽ ഉണ്ടെങ്കിൽ ആരാണ് അതു് നടത്തുന്നതു്; അവിടെ ഇപ്പോൾ നടത്തിപ്പോരുന്ന ജോലി നടത്തുവാൻ ഇപ്പോൾ ആളുകളുള്ളതുപോലെ ഇവിടേയും ആളുകളുള്ള സ്ഥിതിക്കു് ഈ പണം മേടിക്കുന്നതു് എന്തിന്നായിട്ടാണ് എന്നു് ദയവായി പറഞ്ഞാൽ കൊള്ളാം.

റാവുബഹദൂർ ടി. കെ. നായർ: എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെണ്ടിൽ ചീഫ് എഞ്ചിനീയരാണ് ജോലി നടത്തുന്നതു്. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെണ്ടിലാണെങ്കിൽ ആദ്യം ഒരു Personal Assistant ഉണ്ടായിരുന്നു. ഇപ്പോൾ അവിടെ തത്തുല്യമായ ജോലിയില്ലാത്തതിനാൽ Personal Assistant -ന്റെ ആവശ്യമില്ലെന്നു പ്രൈംമിനിസ്റ്റർ പറഞ്ഞുകഴിഞ്ഞു. ഇനി എന്താണ് മറുപടി പറയേണ്ടതു് എന്നു് പറഞ്ഞാൽ പറയാം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: വേണ്ടതു ചോദിച്ചാൽ അതിനു മറുപടി പറയുകയില്ല. എങ്കിലും വേറെ ഒന്നു ചോദിക്കാം. എഡ്യൂക്കേഷൻ ഡയറക്ടറും ചീഫ് എഞ്ചിനീയരും Technical men ആണോ?

LIBRARY ARCHIVES Kerala Legislative Assembly

റാവുബഹദൂർ ടി. കെ. നായർ: അതെ.

മിസ്റ്റർ എം. ഒ. തോമാക്കുട്ടി: ചീഫ് എഞ്ചിനിയരും ഡയറക്ടറും നടത്തിക്കൊണ്ടു പോകുന്നപോലെ മെഡിക്കൽ വകുപ്പിലെ ജോലി ചീഫ് മെഡിക്കൽ ആഫീസർക്കും നടത്തിക്കൂടെ?

റാവുബഹദൂർ ടി. കെ. നായർ: മെഡിക്കൽ ഡിപ്പാർട്ടുമെന്റിലെ ഈ ജോലി പൊതുജനങ്ങൾക്ക് ഉപകാരപ്രദമായിത്തീരത്തക്കവിധത്തിൽ നടത്തിക്കൊണ്ടുപോകാൻ, ആ വകുപ്പിനെപ്പറ്റി ഏതാണ്ട് ഒരു കൊല്ലത്തെ ഈ മന്ത്രിയുടെ പരിചയംകൊണ്ട് ഇങ്ങിനെ ഒരു തസ്തിക അവിടെ ആവശ്യമാണെന്നും, ചിലവാക്കുന്ന പണം പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകത്തക്കവിധത്തിൽ ചിലവാക്കേണ്ടതാണെന്നും ബോദ്ധ്യം വന്നു. ഇപ്പോൾ ചീഫ് മെഡിക്കൽ ആഫീസർക്ക് അദ്ദേഹത്തിന്റെ കീഴിലുള്ള ആസ്പത്രികൾ പരിശോധിക്കാൻ വേണ്ടത്ര സമയം കിട്ടുന്നില്ലെന്നും പറഞ്ഞുകഴിഞ്ഞു. ഈ മാതിരിയുള്ള ഓരോന്ന് അടുത്ത അവസരത്തിൽ ക്ലിയറിയിൽ വന്നതോടുകൂടി Administrative ആയിട്ടുള്ള പരിചയക്കുറവുകൊണ്ട് അദ്ദേഹത്തെ കുറ്റം പറഞ്ഞിട്ട് കാര്യമില്ലെന്നു വിചാരിച്ചിട്ടും ഇങ്ങിനെ ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതായാൽ അതായിരിക്കു Administrative side-ും, Technical side-ും നന്നാക്കുവാൻ എളുപ്പമെന്നു വിചാരിച്ചുമാണ് ഈ പണം അനുവദിച്ചു തരണമെന്നു ആവശ്യപ്പെടുന്നതു".

The House rose for lunch at 1-32 p. m. and re-assembled at 2-30 p. m. with the Hon'ble President M. R. Ry. L. M. Pylee, M. A. &B. L. in the Chair.

Mr. P. Kumaran Ezhuthassan (*Vadakkancheri*): Sir, can I get one more point of information. It was stated, Sir, that for looking after the administrative work of the Engineering Department formerly there was a Personal Assistant and now that Executive Engineers have been appointed and bifurcation has been effected, the Personal Assistant's place has been done away with. So are we to take, Sir, that the administrative part of the work of the Chief Engineer's Office is now distributed between the Chief Engineer and the Executive Engineers? Can we take it like that?

റാവുബഹദൂർ ടി. കെ. നായർ: കുറെയൊക്കെ അങ്ങിനെതന്നെയാണ്. ആഫീസിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് വേണ്ട ക്ലാർക്കുമാരേയും കൊടുത്തിട്ടുണ്ട്. ചീഫ് എഞ്ചിനീയർക്കുവേണ്ട Staff-ും ഉണ്ട്.

Mr. P. Kumaran Ezhuthassan (*Vadakkancheri*): Mr. President, I move that the allotment asked for, *viz.*, Rs. 2,200 under "26—Medical—Medical-Proper-temporary establishment" be deleted.

സർ, ഇവിടെ ഒരു ധനാഭ്യർത്ഥന ചെയ്തിട്ടുള്ളതു് ഒരു പുതിയ ഉദ്യോഗസ്ഥനു വേണ്ടിയാണ്. ആ ഉദ്യോഗം കിട്ടാൻ ഭാഗ്യമുണ്ടാകുന്ന മാന്യനു്, ആ ഭാഗ്യവാനു്.....

Mr. P. Govinda Menon (*Prime Minister*): It is not decided that it would be a man.

Mr. P. Kumaran Ezhuthassan (*Vadakkancheri*): The Premier's leaning towards the fair sex, I have known, Sir, and I would whole heartedly support him if he succeed in getting the money and appointing a person, in his giving it to a member of the fair sex.

Mr. President: That does not arise.

Mr. P. Kumaran Ezhuthassan (*Vadakkancheri*): Such interjections may be stopped, Sir. It should not appear that I had no answer to such mischievious interjections by the Prime Minister of Cochin. Let it be a member of the fair sex and if possible a fair individual too especially in the Chief Medical Officer's Office. ഞാൻ പറഞ്ഞ ആ ഉദ്യോഗം കിട്ടാൻ ഭാഗ്യമുണ്ടാകുന്ന മാന്യനൊ, മാന്യയ്യാ നിശ്ചയിച്ചിട്ടുള്ള പ്രവർത്തിക്കു വലിയ ഒരു സംഖ്യ ശമ്പളമായിട്ടു് വരുന്നുണ്ടു്. മെഡിക്കൽ വകുപ്പു് മേലദ്ധ്യക്ഷന്റെ, ഫ ൽ ലക്ഷത്തോളം ഉറപ്പിക ചിലവുചെയ്യുന്ന ഈ വിഷയത്തിൽ—Administrative—ഭരണപരമായിട്ടു് വരുന്ന പ്രവൃത്തികൾ നടത്തുവാൻ ഒരു സഹായി—അങ്ങിനെ പറഞ്ഞാൽ പോരേ?, രണ്ടായാലും ഒരു സഹായിയെ കൊടുക്കണമെന്നാണ് പറയുന്നതു്. അദ്ദേഹത്തിനു് ഒരു സഹായിയെ കൊടുക്കുന്നതിനു് എനിക്കു് വിരോധമില്ല. അതു അദ്ദേഹം തന്നെ ഉണ്ടാക്കുകയാണെങ്കിൽ എനിക്കു് വിരോധമില്ല. കൊച്ചിയിലെ കൃഷിക്കാരുടെ കയ്യിൽനിന്നു് കുറച്ചു കുറച്ചായി

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kumaran Ezhuthassan]

പിടിച്ചുപറിച്ചു വാങ്ങി ജനങ്ങളിൽ അടക്കുന്ന സംഖ്യയിൽനിന്നും ഒരാൾക്കു ഒരു സഹായിയെ കൊടുക്കാൻ ചിലവാക്കേണ്ട ആവശ്യമില്ലെന്നു് ഇന്നത്തെ ഗവണ്മെണ്ടുതന്നെ എന്റെ ചില ചോദ്യങ്ങൾക്കു് മറുപടിപറഞ്ഞുകഴിഞ്ഞു. ഞാൻ ചോദിച്ചു ചീഫ് എഞ്ചിനീയറുടെ ആഫീസിൽ ആരാണു് ഈ ജോലി നടത്തുന്നതെന്നു്. അപ്പോൾ പബ്ലിക്ക് വർക്സ് മന്ത്രി പറഞ്ഞു ചീഫ് എഞ്ചിനീയർ ആഫീസിൽ ചീഫ് എഞ്ചിനീയരാണു് ഈ ജോലി നടത്തുന്നതെന്നു്. മറ്റു ഡിപ്പാർട്ട്മെണ്ടുകളിലും അതിനു വേണ്ട ക്ലാക്കുമാർ ഉണ്ടെന്നും പറയുകയുണ്ടായി. അതായതു് വിദ്യാഭ്യാസവകുപ്പാർട്ട്മെണ്ടിലും മറ്റും അതിനു് വേണ്ടത്ര ക്ലാക്കുമാരും ക്ലാക്കിമാരുമുണ്ടു്. ഈ ഗുമസ്തന്മാരും ഗുമസ്തകളും ഇവിടെയും ഉള്ളതുകൊണ്ടു് അവിടെയും അവർവഴിക്കു് ഈ കാര്യങ്ങൾ നടന്നുപോകുന്നുണ്ടെന്നു് ഗവണ്മെണ്ടു മനസ്സിലാക്കിത്തന്നനിലയിൽ ഇവിടെയും നടത്തിക്കൂടെ? അതായതു് ഒരു മാനേജരും ഒരു ഹെഡ്ക്ലാക്കും, ഒരു ഹെഡ്Accountant-ും ഉള്ള ആഫീസുകളിലുംകൂടി ഈ ജോലി നടത്തിക്കൊണ്ടുപോകുന്നുണ്ടെന്നു ഗവണ്മെണ്ടു പറയുന്നുണ്ടു്. എനിക്കു് അനുഭവത്തിൽ ഉള്ള സംഗതി പറയുകയാണെങ്കിൽ, സർ, ഈ മെഡിക്കൽ ഡിപ്പാർട്ട്മെണ്ടിലെ ധനവ്യയത്തേക്കാൾ വളരെ അധികം ധനം വ്യയം ചെയ്യുന്ന ആഫീസാണു് എഞ്ചിനീയർ ആഫീസു്. കഴിഞ്ഞകൊല്ലത്തിൽ നടത്തേണ്ട പ്രവർത്തികൾ, അതായതു് ചെക്കെഴുതി കൊടുക്കുക എന്നുള്ളതു് അവിടെ ഇന്നും തീർന്നിട്ടില്ല എന്നു് ഞാൻ പറയുന്നതിനെ നിഷേധിക്കാൻ സാധിക്കയില്ലെന്നു് എനിക്കറിയാം. അവിടെ ചീഫ് എഞ്ചിനീയർ തന്നെ ഇരുന്നുകൊണ്ടു് കക്കടകം മുതൽ അനുമതിച്ചശേഷം സൂപ്രണ്ടു് ഉദ്ഘാടനം ചെയ്തു് ഒപ്പിട്ടു് തീരണമെന്നു് വിചാരിച്ചിരുന്ന ഒരുകാലം എനിക്കറിയാം. അതുപോലെതന്നെ അതിനു നിശ്ചയിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർ അവരുടെ പ്രവർത്തി ശരിക്കു് നടത്തിക്കൊണ്ടു പോകണമെന്നു് വിചാരിച്ചാൽ നടത്തുവാൻ സാധിക്കുന്നതാണു്. അതിൽ മനുഷ്യനായതുകൊണ്ടു് മനുഷ്യസഹജമായ വല്ല തെറ്റും പറ്റാമെന്നല്ലാതെ അതിൽ കൂടുതലായിഒന്നും സംഭവിക്കാനില്ല. ആ തെറ്റുകൾ കണ്ടുപിടിക്കാനായി, ഓഡിറ്റു് തുടങ്ങി. ഓഡിറ്റു് തുടങ്ങിയാൽ ഓഫീസുകൊണ്ടു് ഓഫീസുപ്രവർത്തികളിൽ ഏർപ്പെടുന്ന സ്കൂൾമാസ്റ്റർമാരെപ്പോലെ അല്ല. ഓഡിറ്റു് മുതൽ ഫൈനൽ വരെ കിട്ടും എന്നു് വിചാരിക്കുന്നവരല്ല ഈ ജോലി നടത്തുന്നതു്. ഞാൻ എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ കെ. ഗോവിന്ദമേനോൻ, നമ്മുടെ ധനകാര്യമെമ്പറുടെ' ആഫീസിനെ ഉദ്ദേശിച്ചാണു് പറയുന്നതു്. അവിടെ നിന്നുള്ള പഴക്കവും തഴക്കവും പരിചയവുംകൊണ്ടു് തെറ്റു മാത്രം കണ്ടുപിടിക്കാൻ സാധിക്കുന്ന ആഡിറ്റർമാരുടെ പരിശോധന ഓരോ ഡിപ്പാർട്ട്മെണ്ടുകളിലും നടത്താമെന്നുണ്ടെങ്കിലും കാര്യങ്ങൾ ശരിയായി നടക്കാതിരിക്കയില്ല. മെഡിക്കൽ ഡിപ്പാർട്ട്മെണ്ടിൽ അതിൽ നിന്നും വ്യത്യസ്തമായ മന്ത്രമില്ലെന്നു് എനിക്കറിയാം. ആണായാലും കൊള്ളാം, പെണ്ണായാലും കൊള്ളാം നിങ്ങൾ വെയ്ക്കാൻ പോകുന്ന ആൾ ശരിയ്ക്കു പ്രവർത്തിയെടുക്കുന്നില്ലെ എന്നു പരിശോധിക്കുവാൻ കഴിയുകയില്ലെങ്കിൽ എത്ര ആളെ വെച്ചിട്ടും പ്രയോജനമുണ്ടാകുകയില്ല. ഇപ്പോൾ ഉള്ള ആളുകളെക്കൊണ്ടുമാത്രം ഈ ജോലി മറ്റു ഡിപ്പാർട്ട്മെണ്ടുകളിൽ നടക്കുന്നുണ്ടെങ്കിൽ, അത്രയും ക്ലാർക്കുമാരും മറ്റും ഉള്ള സ്ഥിതിക്കു് ഈ മെഡിക്കൽ ഡിപ്പാർട്ട്മെണ്ടിനു് എന്താണു് ഒരു കുറവു്. ഈ ഒരാളെ ക്ലടാതെ കഴിയുകയില്ലെ? മറ്റു ഡിപ്പാർട്ട്മെണ്ടുകളിലെ Administrative section നോക്കുന്നതിനു് വേറെ ഉദ്യോഗസ്ഥനോ, ഉദ്യോഗസ്ഥയോ ആവശ്യമില്ലെങ്കിൽ, താരതമ്യേന വളരെ കുറച്ചു് സംഖ്യമാത്രം ചിലവുചെയ്യുന്ന മെഡിക്കൽഡിപ്പാർട്ട്മെണ്ടിലെ Administrative വിഭാഗം കൊണ്ടു നടക്കാൻ ഒരു പുതിയ ഉദ്യോഗസ്ഥനെ സൃഷ്ടിക്കേണ്ട ആവശ്യമില്ല. അതിനാലാണു് ഞാൻ ഈ ഉപേക്ഷേപം കൊണ്ടുവന്നതു്. ഇവിടെ ഈ notes വായിച്ചുനോക്കിയാൽ കാണുന്ന ചിത്രം എന്താണു്?! പ്രത്യക്ഷത്തിൽ ഇല്ലെങ്കിലും, വളരെ തുക്കം ഇതിൽ കിടക്കുന്നുണ്ടു്. മെഡിക്കൽ ഡിപ്പാർട്ട്മെണ്ടു പണസംബന്ധമായ വീഴ്ചകളിൽ കൂടിയാണു് കഴിഞ്ഞ അനവധി കൊല്ലങ്ങളിൽ കൂടി പ്രയാണം ചെയ്തുപോന്നിരുന്നതെന്നു് സമ്മതിച്ചിട്ടുണ്ടു്. ഇവിടെ തന്നെ രണ്ടുകൊല്ലം മുമ്പു ഞാൻ അതിനെപ്പറ്റി വിമർശിക്കുകയുണ്ടായി. കുറെകാലമായി എത്ര സംഖ്യങ്ങിനെ പോയി? ഈ സംഖ്യയെല്ലാം എന്തുചെയ്തു? ആരു കൊണ്ടുപോയി? എവിടെ കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

പോയി? ഏതു രീതിയിലാണ് അതു കടത്തിയതു് എന്നു ഞാൻ ചോദിക്കുന്നു. ഞാൻ സമ്മതിക്കുന്നു സർ, മഹാത്മജിയെപ്പോലെയുള്ള, അതുപോലെ മനസ്ഥിതിയുള്ള നല്ലവരാണു് അവിടെ കിടക്കുന്നതു് എങ്കിൽ ഇതൊന്നും വരികയില്ലായിരുന്നു. കള്ളന്മാരല്ലാതെ അവിടെയില്ലെന്നു് എനിക്കറിയാം. എന്റെ രാജ്യത്തുള്ള ഗവൺമെന്റിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ മറ്റുള്ള ഇവിടെനിന്നും പറഞ്ഞയച്ചാൽ അവിടെ എത്താറില്ല. സാധുക്കൾക്കു് ഒരു തുള്ളിമരുന്നുപോലും ഉപകാരപ്രദമാകുന്നില്ല. നേരെമറിച്ചു് ഗവൺമെന്റിന്റെ വലിയ വലിയ മരുന്നു ഷാപ്പുകൾ വളർച്ചുവരുന്നതായും കാണാം. അസൂയകൊണ്ടു പറയുകയല്ല, സർ, അനീതിയെ ആക്ഷേപിക്കുകയാണു്. മെഡിക്കൽ ഡിപ്പാർട്ടുമെന്റിലെ സ്റ്റോറിൽനിന്നുള്ള ചോർച്ച വളരെ കാലമായി നടന്നുകൊണ്ടിരിയ്ക്കുകാണെന്നു ഞാൻ പറയുന്നു. എന്തുചേതം? മരുന്നു് ചുവന്നകുപ്പി, കറുത്തകുപ്പി ഇങ്ങിനെ പലതുമുണ്ടു്. ആ ഒരു കുപ്പി മരുന്നു് പുറത്തു കൊടുത്താൽ പത്തു പന്ത്രണ്ടു ഉറപ്പികയായി. ചായക്കുള്ള കാശായി. അതു് ഒരാളെ പ്രത്യേകം കുറ്റപ്പെടുത്തുകയല്ല. പ്രത്യേകിച്ചു് അങ്ങിനെയുള്ള അധഃപ്പതിച്ച മനസ്ഥതി ഇന്നത്തെ മന്ത്രിക്കു് ഉണ്ടാകയില്ലെന്നു് എനിക്കറിയാം. ആഡിറ്റർമാരുടെ പരിശോധനാഫലമായി ഒരു ചില്ലി, കർഷകന്റെ പണം നഷ്ടപ്പെട്ടു് പോയിട്ടുണ്ടെന്നു് മനസ്സിലായ തിയ്യതിമുതൽ വേണമെങ്കിൽ ഒരു സ്പെഷ്യൽ ആഡിറ്റ്സ്റ്റാഫിനെക്കൊണ്ടുവന്നു് കണക്കുനോക്കി ഈ പണം പോയതിന്നു് ഉത്തരവാദി ആരായാലും ശരി, ആരുടെ പക്കൽ നിന്നായാലും വിരോധമില്ല., നിവൃത്തിയുണ്ടെങ്കിൽ ആ പണം പിരിക്കണം; അതല്ലെങ്കിൽ അതിന്റെ ഭാവി ഫലം ഇന്നതാകുമെന്നു് മറവുള്ളവർക്കു് ഒരു മാതൃകയാകത്തക്കതായ—ശിക്ഷഎന്നു് പറഞ്ഞാൽ അടുത്ത കാലത്തു് Food Department-ൽ നിന്നു് കൊടുത്ത ശിക്ഷ പോലെയല്ല—തക്കവിധത്തിലുള്ള ശിക്ഷ നല്കണം. lynching ആവശ്യമുള്ള ദിക്കിൽ അതുതന്നെവേണം. അവരുടെ വേദനക്കു് പുറമെ, ഇനിമേലിൽ എങ്ങിനെയുള്ള ആളുകൾ ആസ്ഥാനത്തു് വന്നാലും അതുപോലെ പ്രവർത്തിക്കാതിരിക്കാൻ ഒരു ഉദാഹരണം ആകത്തക്കവിധം ആവശ്യമായ ശിക്ഷ നൽകണമെന്നു് ആവശ്യപ്പെടുവാൻ ഞാൻ ഈ സന്ദർഭത്തെ ഉപയോഗപ്പെടുത്തുന്നു. മന്ത്രിഭരണം വന്നിട്ടു് കുറച്ചുകാലമായി. കൈകൊണ്ടല്ല വടികൊണ്ടുപോലും തൊടില്ല എന്നു് പറഞ്ഞ കുട്ടർ മന്ത്രിസ്ഥാനങ്ങളിൽ എത്തിയപ്പോൾ ഞങ്ങൾ സന്തോഷിച്ചു. തൊടില്ല എന്നുപറഞ്ഞ സാധനത്തെ തൊട്ടു് ആലിംഗനം ചെയ്ത കുട്ടർ തീച്ചയായും ഒരു ശുദ്ധികലശം ചെയ്തശേഷമാണു് അതു് തൊട്ടിട്ടുണ്ടാകുക എന്നു് ഞങ്ങൾ വിശ്വസിച്ചു. ഈ കഴിഞ്ഞ ൻ മാസക്കാലമായി നാം കണ്ട കാഴ്ചയിൽ ഞങ്ങൾ വ്യസനിക്കുന്നതോടൊപ്പം മെഡിക്കൽ വകുപ്പിന്നുള്ള മന്ത്രി ഇതിന്നുള്ള പോംവഴി കണ്ടുപിടിക്കാതെ പണത്തിന്നുള്ള അപേക്ഷയും കൊണ്ടുവന്ന ഈ അവസരത്തിൽ പോലും ഞങ്ങൾ പറയുന്നു., ഞങ്ങൾ നിങ്ങളെ അഭിനന്ദിക്കുന്നു സർ, അതിന്നുവേണ്ടി; പക്ഷെ അതോടുകൂടി ഞങ്ങൾ പറയുന്നു, നിങ്ങൾ ഇതു് ചെയ്യുക എന്നു്.

മാർഗ്ഗം കണ്ടു പിടിച്ചതു് തെറ്റിപ്പോയി! ആഫീസിൽ പോയി ഫയൽ പൂഴ്ത്തിവെയ്ക്കുകയല്ല വേണ്ടതെന്നു് അവരെ മനസ്സിലാക്കി കൊടുക്കുക! മെഡിക്കൽ Studies-ന്നു് പോകാൻ Appltcation അയക്കേണ്ട date അറിയാൻ ആവശ്യമായ ഫയൽ പൂഴ്ത്തിവെയ്ക്കുകയല്ല അവരുടെ പ്രവർത്തി എന്നു് മനസ്സിലാക്കിക്കൊടുക്കുക. ഫ മണിമുതൽ ൽ മണിവരെ കാപ്പികുടിക്കാനുള്ള സമയവും കഴിച്ചു"—ഞങ്ങൾക്കു കോടതിയിൽ"Rising for lunch"എന്നൊരു സമ്പ്രദായ മുണ്ടു്.—അതുപോലെ

Mr President: We are on the post of the Administrative Assistant.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: I am on it too Sir. ആതു് മനസ്സിലാക്കിയാൽ മറ്റു ഡിപ്പാർട്ടുമെന്റുകളിൽ ഈ കാര്യങ്ങൾ നിർവ്വഹിക്കുന്നമാതിരി ഈ ചോർച്ച വീഴ്ചകൾ ഇല്ലായ്മ ചെയ്യുവാൻ ഇങ്ങിനെ ഒരു സൃഷ്ടികൂടാതെ കഴിക്കാം. അവിടെ നടന്നുകൊണ്ടിരിക്കുന്ന അനിഷ്ടസംഭവങ്ങൾ ഇല്ലാതാക്കാനുള്ള പ്രവർത്തി മന്ത്രിഅവർകൾക്കു് അറിയാമെന്നു് എനിക്കറിയാം. കയ്യിൽ ഉള്ളതുകൊണ്ടു് കാര്യം നടത്തണം. ഈ ധനാഭ്യർത്ഥനവേണ്ട എന്നു പറയാനുള്ള കെല്പു് നിങ്ങൾക്കുണ്ടാകണം. അതിന്നുവേണ്ടി ഞാൻ അപേക്ഷിക്കുന്നു. കൂക്കിക്കാരന്റെ പണം ഒരണപോലും ഇതിനെടുത്തു് ഉപയോഗിക്കുന്നതു് ശരിയല്ലെന്നുള്ള ഒരു ബോധമുണ്ടാകണമെന്നുള്ള അപേക്ഷയോടുകൂടി ഈ ഉപേക്ഷാപം സഭയുടെ ആലോചനയ്ക്കായി ഞാൻ ഇവിടെ വെയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. ഈശ്വരമേനോൻ: ഞാൻ ഇതിനെ പിന്താങ്ങുന്നു. ഇതിന്റെ കത്താവു് പറഞ്ഞതുപോലെ ധാരാളം വിവരങ്ങൾ പറയാൻ എനിക്കു സാധിക്കുകയില്ല എന്നുണ്ടെങ്കിലും ഈ ഉദ്യോഗം വേണമെന്നു വന്നതു് എങ്ങിനെയാണെന്നു് അറിഞ്ഞാൽ കൊള്ളാമെന്നു ആഗ്രഹമുണ്ടു്. ഇതു കേട്ടപ്പോൾ അടുത്ത കാലങ്ങളിലെ Administration reports എടുത്തു നോക്കി. അതിൽ യാതൊരു ന്യൂനതകളും ഇതിൽ പറയുന്ന ഉദ്യോഗംകൊണ്ടു പരിഹരിക്കത്തക്കവയുള്ളതായി കണ്ടില്ല. ഇങ്ങിനെ ഒരുദ്യോഗസ്ഥനെ വേണമെന്നു് ഈ വകുപ്പധ്യക്ഷൻ ആവശ്യപ്പെട്ടതായിട്ടും കാണുന്നില്ല. മിനിസ്റ്റർക്കാണെങ്കിൽ അല്പം അറിയാം. ആക്കൊ മരാമത്തു് ഒരുദ്യോഗം വേണമെന്നു തീർച്ചയാക്കീട്ടുണ്ടായിരിക്കും. അതിനു് വേണ്ടിട്ടു് ഈ സംഖ്യ ചെലവാക്കണമൊ വേണ്ടയൊ എന്നു് ആലോചിക്കേണ്ടിയിരിക്കുന്നു. സാധുക്കളുടെ പണം വാങ്ങി ഇങ്ങിനെ കളയേണ്ട ആവശ്യമില്ല. പല ആളുകളും ഉദ്യോഗത്തിലിരിക്കുന്ന ആളുകൾക്കു് ശമ്പളം പോരാത്തതുകൊണ്ടു് strike ചെയ്യാൻപോകുന്നു എന്നൊക്കെ കേട്ടു. അതുകൊണ്ടു് ഈ പണം വേറെ ഒരാവശ്യത്തിനു് ഉപയോഗപ്പെടുത്തണമെന്നാണു് എനിക്കു പറയാനുള്ളതു്.

റാവുബഹദൂർ ടി. കെ. നായർ: മിസ്റ്റർ എഴത്തശ്ശൻ പറഞ്ഞതിനു് മറുപടി പറയാൻ അധികമില്ല. ഇന്നത്തെ ഗവമ്മെണ്ടു്—ഇന്നത്തെ എന്നു പറയുന്നതു് underlined ആണു്.—ഇന്നത്തെ ഗവമ്മെണ്ടു് ഓരോ മിനിട്ടിനു മിനിട്ടിനു കാമ്പ്രെട്ടത്താതെതന്നെ എടുത്തു പെരുമാറുന്ന പണം കഷ്ടകനേറ്റുംകൂടിയാണെന്നു് എപ്പോഴും കാമ്പയോടുകൂടി പെരുമാറുന്ന ഗവമ്മെണ്ടാണെന്നു് ഒരിക്കൽകൂടി—പല പ്രാവശ്യവും പറഞ്ഞിട്ടുണ്ടെങ്കിലും ഒരിക്കൽകൂടി—കാമ്പ്രെട്ടുന്നു. അതു് മനസ്സിലാക്കാതെ പ്രവർത്തിക്കുകയല്ല. ഈ കാര്യത്തിൽ ഒരു ഉദാഹരണം എടുത്തു പറയേണ്ടതുണ്ടു്. അതായതു് നിങ്ങളെല്ലാവരുംകൂടി നൂറപേര അറിവെച്ചു് ഒരു സദ്യ കഴിക്കുവാൻ ഞങ്ങളെ എപ്പോടചെയ്തിട്ടുണ്ടു്. സദ്യ വെടിപ്പാകണമെന്നും പറഞ്ഞിട്ടുണ്ടു്. അതിനുവേണ്ട പദാർത്ഥങ്ങളുടെ വിവരവും കുറിച്ചുതന്നിട്ടുണ്ടു് എന്നു വിചാരിക്കുക. അതിനു് വേണ്ട വിദഗ്ദ്ധന്മാരായ വെപ്പുകാരെ.....

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: എത്ര കേമന്മാരെ വേണമെങ്കിലും കൊണ്ടുവന്നുകൊള്ളുക—വേണമെങ്കിൽ കോലഴി വിശ്വത്തിനെത്തന്നെ—

റാവുബഹദൂർ ടി. കെ. നായർ: അതെ, കോലഴി വിശ്വത്തിനെതന്നെ കൊണ്ടുവരാനുള്ള അധികാരമെങ്കിലും ഞങ്ങൾക്കു വിട്ടുതരണം.

മിസ്റ്റർ പറമ്പി ലോനപ്പൻ: Too many, etc. എന്നുള്ളതു് മന്ത്രിക്കു അറിയാവുന്നതല്ലേ?

റാവുബഹദൂർ ടി. കെ. നായർ: അതെ. നാട്ടുകാർക്കു ഗുണപ്രദമാകത്തക്കവിധത്തിൽ ഓരോ വകുപ്പിലും എത്ര ശിപായി വേണം, എത്ര ഗുമസ്തന്മാർ വേണം, ആരെയാണു് വെയ്ക്കേണ്ടതു് എന്നെല്ലാം ആലോചിച്ചു് അതിനനുസരിച്ചു് പ്രവർത്തിക്കുവാനുള്ള അധികാരം ഞങ്ങൾക്കു വിട്ടുതന്നിട്ടു് അതു വേണ്ടപോലെ നടത്താനുള്ള സൗകര്യം ഉണ്ടാക്കിത്തരണമെന്നാണു് എനിക്കപേക്ഷിക്കാനുള്ളതു്. അതല്ലാതെ, ഇപ്പോഴും മുമ്പുണ്ടായിരുന്ന മനസ്ഥിതിവെച്ചുകൊണ്ടു് ഇങ്ങോട്ടു് നോക്കുന്ന ആ മനസ്ഥിതി ഒന്നു മാറണം. ഞങ്ങൾ മാറേണ്ടതെല്ലാം മാറിക്കഴിഞ്ഞു.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഞങ്ങൾക്കു വിശ്വാസമില്ല.

റാവുബഹദൂർ ടി. കെ. നായർ: ഞങ്ങളുടെ ഓരോ പ്രവൃത്തിയും നിങ്ങളുടെ മുമ്പിൽ പൊതുജനങ്ങൾക്കു് എപ്പോഴും നന്മയാണെന്നു് തോന്നണം എന്നുള്ള ഉദ്ദേശത്തോടുകൂടി ഞങ്ങൾ പ്രവർത്തിക്കാൻ സന്നദ്ധരാണു്. ആ പ്രവർത്തിയെ ഞങ്ങൾ ചെയ്യുന്നുള്ളു. അതുകൊണ്ടു് ഒരു ഡിപ്പാർട്ടുമെണ്ടിന്റെ ഭരണത്തിൽ ചില കുഴപ്പങ്ങൾ വരുന്നതു് നേർവഴിക്കു കൊണ്ടുപോകാൻ വേണ്ട എപ്പാടുകൾ ചെയ്യുന്നതിനു് ഒരു അവസരംതരാതെ, ആ ആളെ വെയ്ക്കേണ്ട, ആ പണം ചിലവാക്കേണ്ട എന്നൊക്കെ പറഞ്ഞാൽ, അതനുസരിച്ചു് തെറ്റുണ്ടെന്നു് പറഞ്ഞ ആഫീസിൽപോയി അവിടെയുള്ള സർവ്വത്ര കാര്യങ്ങളും നോക്കി ശരിയാക്കാൻ തക്ക മെസ്മറിസ്സുവിദ്യയൊന്നും എന്റെ കയ്യിലില്ല. തെറ്റുകൾ കണ്ടാൽ അതു് നേരെയാക്കിക്കൊണ്ടുപോകാനുള്ള വഴി ആലോചിക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കാമെന്നേയുള്ളു. അതിന്റെ ഫലമാണു് ഈ ധനാഭ്യർത്ഥനകൊണ്ടു വന്നിട്ടുള്ളതു്. പക്ഷെ ദയവു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യ് ഈ ധനാഭ്യർത്ഥന അനുവദിച്ചുതരണമെന്ന് ഞാൻ അപേക്ഷിക്കുന്നു. ഇന്നുവരെയുള്ള കാര്യങ്ങളെക്കുറിച്ച് എനിക്കു താക്കീതു തന്നതോടുകൂടിയുണ്ട്. മേലാൽ അങ്ങനെ വരാതിരിക്കുന്നതിനുള്ള സംഗതികളും നടത്തുന്നതിനെ തടസമുണ്ടാകുന്നതുമാണെന്നും അപേക്ഷിക്കുന്നു.

എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ ഈച്ചരമേനോൻ കണ്ട കാര്യം ഒന്നു വേറെയാണ്. ഒരാൾക്കു ഉദ്യോഗം കൊടുക്കേണ്ട ആവശ്യത്തിനുവേണ്ടിയുള്ള ഒരു സൃഷ്ടിയാണ് ഇതെന്നാണ് അദ്ദേഹം പറഞ്ഞതു്. എന്നാൽ ഉദ്യോഗത്തിനു് ഒരാളെ കണ്ടുവെച്ചു് പണത്തിനാവശ്യപ്പെടുകയാണ് ഇതെങ്കിൽ, തീർച്ചയായിട്ടും എത്രയും മൻകരുതലോടുകൂടിയാണ് ഈ പണം ചിലവാക്കുന്ന കാര്യത്തിൽ പ്രവർത്തിച്ചിട്ടുള്ളതു്. കാരണം, ഇന്നു് പണം അനുവദിച്ചാൽ നാളെ appoint ചെയ്യാം. അല്ലാതെ അനുവദിച്ച പണം വെറുതെ രണ്ടുമാസം കയ്യിൽവെച്ചു് ആളെ അന്വേഷിച്ചു് കാര്യം നടത്തുവാൻ താമസം നേരിടുവിക്കുകയല്ലല്ലൊ ചെയ്യുന്നതു്! അതു് ഒരു മിടുക്കാണ്. ആ മിടുക്കു് വകവച്ചുതരുന്നതിനു് വിഷമിക്കേണ്ടതുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: We saw your 'മിടുക്കു്' yesterday. (ചിരി)

Mr. President: Order, order.

റാവുബഹദൂർ ടി. കെ. നായർ: അതു് ഈ വിഷയത്തിലേക്കുള്ളതല്ല. അതിനു് മറുപടി പറയേണ്ടതായ ഒരു സന്ദർഭം ഇതല്ലാത്തതുകൊണ്ടു് ഞാൻ അതിനു് ഒരുങ്ങുന്നില്ല. അതുകൊണ്ടു് ഈ വിഷയത്തിൽ അഭിപ്രായംപറഞ്ഞ ആ മെമ്പർ നിർദ്ദേശം കൊടുക്കുവാനും, അതു് വേണ്ടപോലെ നടത്താനും പ്രാപ്തിയുള്ള ഒരാളാണ്. എനിക്കു് അദ്ദേഹത്തോടു് ഒരപേക്ഷ മാത്രമേയുള്ളൂ.

മിസ്റ്റർ എ. ഈച്ചരമേനോൻ: മന്ത്രി നിയമിക്കുന്ന ആൾ ആരാണെന്നു് എനിക്കു നിശ്ചയമില്ലെന്നു് മാത്രമേ ഞാൻ പറഞ്ഞതിനർത്ഥമുള്ളൂ.

റാവുബഹദൂർ ടി. കെ. നായർ: ഇതു് വേണ്ടായെന്നുണ്ടെങ്കിൽ അതു തുറന്നുപറയുവാനും ഞാൻ തയ്യാറാണ്. പക്ഷെ, ഇന്നു് ഇതൊരു നടപടിയായിട്ടെടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് നിയമസഭയിൽ കൊണ്ടുവന്നതു്. അതുകൊണ്ടു് എന്റെ മാന്യസ്നേഹിതൻ അദ്ദേഹത്തിന്റെ ആക്ഷേപം പിൻവലിച്ചു്, അദ്ദേഹത്തിന്റെ മന്ത്രിമാക്കു് ഭരണം ശരിയായിട്ടു് നടത്തിക്കൊണ്ടുപോകുവാൻ വേണ്ടതായ ഒരു അവസരം തരണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: സർ, ഏതാണ്ടു് കാൽ ശതാബ്ദത്തോളം അന്യോന്യം പരിചയമുള്ള എന്റെ മാന്യ സ്നേഹിതൻ എന്നെ ഇങ്ങിനെ അപമാനിക്കുമെന്നു ഞാൻ വിശ്വസിച്ചിരുന്നില്ല. ഞാൻ പണം ചിലവുചെയ്യുന്ന കാര്യത്തിൽ മാത്രമല്ല ആക്ഷേപം പറയുന്നതു്. പണം ചിലവുചെയ്യാതെകണ്ടു് കാര്യങ്ങളും നിർവ്വഹിക്കുവാനുള്ള മാർഗ്ഗങ്ങളും ആലോചിക്കുകയാണു വേണ്ടതു്. അതിനുംപുറമെ അനവധികാലങ്ങളായി നടന്നുകൊണ്ടിരിക്കുന്ന അനീതികളുടേയും, കൊള്ളരുതായ്കകളുടേയും ഫലമായി ഈ രാജ്യത്തെ കഷ്ടകതൊഴിലാളികളെ കഷ്ടപ്പെടുത്തി പിരിച്ചെടുക്കുന്ന സംഖ്യ ചിലവുചെയ്യുന്ന കാര്യത്തിൽ ഏതാനും ചില മാർഗ്ഗങ്ങളും നിർദ്ദേശിച്ചുകൊടുത്തു. മറവുള്ള ഡിപ്പാർട്ടുമെന്റുകളിൽ ഇതുപോലെയുള്ള കാര്യങ്ങളും നിർവ്വഹിക്കുന്നതിനു പ്രത്യേക ഉദ്യോഗസൃഷ്ടി കൂടാതെ കഴിക്കണമെന്നു വാദിച്ചിരുന്ന നിങ്ങളും ഇന്നു് അധികാരസ്ഥാനത്തു ഇരുന്നുകൊണ്ടു് ഇതാവശ്യപ്പെടരുതു്, ഇതു പിൻവലിക്കണം, അതിനുള്ള കെൽപ്പുണ്ടാക്കണം എന്നുള്ള അപേക്ഷയ്ക്കുവേണ്ടി ഞാൻ കുറച്ചുനേരം നിങ്ങളെ ഉപദ്രവിച്ചുതിൽനിന്നു് ഒരു ഭാഗത്തിനു മാത്രം മറുപടി പറഞ്ഞതായിട്ടേ ഞാൻ വിശ്വസിക്കുന്നുള്ളൂ. ഇന്നത്തെ മെഡിക്കൽ ഡിപ്പാർട്ടുമെന്റിലെ മേലദ്ധ്യക്ഷൻ എന്റെ പ്രത്യേകമായ ഒരു സ്നേഹിതനാണെങ്കിലും, അദ്ദേഹം എവിടെങ്കിലും കാര്യത്തിൽ കുറവാളിയാണെന്നു കണ്ടാൽ അദ്ദേഹത്തെ ശിക്ഷിക്കണം, എന്നുതന്നെയല്ല ഒരു നിമിഷംപോലും വെച്ചുകൊണ്ടിരിക്കാതെ മെഡിക്കൽ ഡിപ്പാർട്ടുമെന്റിലെ അദ്ധ്യക്ഷസ്ഥാനത്തുനിന്നു നിക്കംചെയ്യണം. അതിൽ മറ്റൊരു ദാക്ഷിണ്യം വിചാരിച്ചിട്ടു കാര്യമില്ല. കുറവാളിയെ അവർഹിക്കുന്നവിധത്തിൽ ശിക്ഷിക്കണം. അതാണ് തങ്ങളും ജനപ്രതിനിധികളാണെന്നു് സ്വയം അഭിമാനിക്കുന്ന മന്ത്രിമാർ ചെയ്യേണ്ടതു്. ഞാൻ ഇതു് വ്യക്തിപരമായിട്ടു പറയുകയല്ല. ഈ കാര്യത്തിൽ ഞാൻ നിങ്ങളോടു പറയുന്നതു് അദ്ദേഹ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kumaran Ezhuthassan]

ത്തെ നീക്കംചെയ്യേണ്ടതായ കാരണങ്ങളുണ്ടെങ്കിൽ നീക്കംചെയ്യണം എന്ന്. ഈ ഫ്ലെ മുതൽ ന. ഠ ക. വരെ ശമ്പളമുള്ള ഈ പുതിയ ഉദ്യോഗസൃഷ്ടി വേണ്ടായെന്നുള്ള എന്റെ നിർദ്ദേശം അവഗണിക്കുവാനുള്ള ശക്തി നിങ്ങൾക്കുണ്ടെന്നു് എനിക്കറിയാം. ഈ കാര്യത്തിൽ നിങ്ങളുടെ മറുപടി തൃപ്തികരമല്ല. ഞാൻ നിർദ്ദേശിച്ച കാര്യത്തിന്റെ ഗൌരവത്തെ നിങ്ങൾ അവഗണിച്ചു. ഇത് എന്റെ ആക്ഷേപമല്ല, നിങ്ങളെയുംകൂടി പ്രതിനിധീകരിക്കുന്ന ആളുകളുടേയും ആക്ഷേപമാണ്. അതായതു് നികുതിദായകന്മാരുടെ ആക്ഷേപമാണെന്നു് നിങ്ങൾ ഓർത്തില്ല. നിങ്ങളുടെ വായിൽനിന്നു പുറത്തുവരുന്ന വാക്കുകളിൽ ആത്മാർത്ഥതയുണ്ടോയെന്നും, അതോ വല്ല ചെപ്പടിവിദ്യയുമാണോ എന്നും ഞങ്ങൾ നോക്കും. എന്താണു് ഞങ്ങൾ പറയുന്നതെന്നുള്ള ഉൾക്കുടി നോക്കീട്ടുവേണ്ടും മറുപടി പറയുവാൻ.

Mr. President: Does the Hon'ble Member wish to take more time?

Mr. P. Kumaran Ezhuthassan (*Vadakkancheri*): Only two minutes more. If you will please allow me?

Mr. President: Yes.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഈ കാര്യത്തിന്റെ ഗൌരവത്തെ മനസ്സിലാക്കാതേയും, മാനിക്കാതേയും ഇരിക്കുന്ന നിലയ്ക്കു് ഈ ഉപക്ഷേപം പ്രസ്സുചെയ്താൽ അതു പാസ്സാവുകയില്ലെങ്കിലും, ഈ മനഃസ്ഥിതിയുടെ പേരിൽ ഞാൻ ഇതു പ്രസ്സുചെയ്യുകതന്നെ ചെയ്യും. ആരു് ആക്കവേണ്ടിയാണു് ഇതിന്റെ ഉള്ളിൽ നിലകൊള്ളുന്നതെന്നു് പുറത്തു പറയുവാൻ ധൈര്യമില്ലാത്തതു് എന്തുകൊണ്ടാണു്? ഇതിന്റെ പൊള്ളത്തരം പൊതുജനങ്ങൾക്കു കാണിച്ചുകൊടുക്കുവാൻ വേണ്ടീട്ടെങ്കിലും എനിക്കു് ഇതു് പ്രസ്സുചെയ്യേണ്ടതുണ്ടു്. തല്ക്കാലം സംഖ്യാബലംകൊണ്ടോ, വാക്കിന്റെ മാധുര്യംകൊണ്ടോ, എന്നെ തോല്പിക്കുമായിരിക്കാം. ഇതു് മുതലാളിമനോഭാവത്തിന്റെ ആദ്യത്തെ പടിയാണെന്നു് മനസ്സിലാക്കണം സർ. ഈ മാതിരിയുള്ള മനഃസ്ഥിതി കളയണം സർ.

Mr. President: Is the Hon'ble Member pressing the motion?

Mr. P. Kumaran Ezhuthassan (*Vadakkancheri*): I do, Sir, unless the demand itself is withdrawn. I press the motion.

Motion put and lost

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: പണം അനുവദിച്ചുകഴിഞ്ഞാൽ അതു വേണ്ടതുപോലെ ഉപയോഗിക്കാമെന്നു പറഞ്ഞു. എന്നാൽ ഈ ഉദ്യോഗത്തിനുള്ള ആളെ തീരുമാനിച്ചുകഴിഞ്ഞിട്ടുണ്ടോയെന്നറിഞ്ഞാൽ കൊള്ളാം.

Mr. P. Govinda Menon (*Prime Minister*): Government are not prepared to disclose that information now.

CUT MOTION No. 2

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: To reduce the allotment of Rs. 2,200 for temporary Establishment in Demand No. 26 by Re. 1/- (To point out to the Government that even if the post be necessary it need not be on cadre proposed). സർ, ഈ ഉപക്ഷേപം ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു. ഇതു വലിയ ശമ്പളത്തിൽ ഒരാളെ വെക്കേണ്ടതായ ആവശ്യമില്ല. ഇവിടെ ശമ്പളത്തിന്റെ യോഗ്യത കണക്കാക്കിയാണു് ആളുടെ യോഗ്യത കാണുന്നതു്. അല്ലാതെ ആളുടെ യോഗ്യത നോക്കിയല്ല ശമ്പളം തിട്ടപ്പെടുത്തുന്നതെന്നു ഞാൻ പറയുന്നു. വലിയ ശമ്പളമുള്ള ആളായാൽ എല്ലാ യോഗ്യതയും തികഞ്ഞുവെന്നാണു വെയ്പു്. കൂടാതെ എറണാകുളത്തും അതിന്റെ ചുറ്റുപാടിലുള്ള ആളുകൾക്കും. തൃശ്ശൂരുള്ളവർക്കും അതിനഹതയുണ്ടു്. എന്നാൽ എന്റെ താലൂക്കിലും വടക്കൻ താലൂക്കായ ചിറ്റൂരിലും കുറെ ആളുകൾക്കു് ഉദ്യോഗത്തിൽനിന്നു പെൻഷൻ വാങ്ങിച്ചിരിക്കുവാനുള്ള ഭാഗ്യം സിദ്ധിച്ചിട്ടുണ്ടു്. അതിൽ ഒന്നുരണ്ടു ചീഫ് ജസ്റ്റീസ്സു്, ആദ്യത്തെ മന്ത്രി, ഒടുവിലത്തെ ദിവാൻ എന്നിങ്ങനെയുള്ള ഉദ്യോഗങ്ങളുണ്ടായിരുന്നവരാണു്.

Mr. President: I think the Hon'ble Member is indulging in irrelevent matter.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan *(Vadakancheri)*: If that is your view, Sir I will go on another path.

Mr. President: On the right path.

Mr. P. Kumaran Ezhuthassan *(Vadakancheri)*: I assure you, Sir, that I am not far away from the right path.

വലിയ ശമ്പളം കിട്ടാനുള്ള ഭാഗ്യം ആക്കാണ വേണ്ടതെന്നുള്ള മാനമണ്ഡം വെച്ചു നോക്കാതെ എന്തൊരു കായ്ത്തിനാണ് ആളെ നിശ്ചയിക്കുവാൻ പോകുന്നതെന്നുവെച്ചാൽ ആ കായ്ത്തിനു് വൈദഗ്ധ്യം സമ്പാദിച്ചിട്ടുള്ള ആളുടെ യോഗ്യതയും പ്രാപ്തിയും സ്വഭാവവുമൊക്കെ മനസ്സിലാക്കിയതിനുശേഷം വേണം ശമ്പളം നിശ്ചയിക്കുവാൻ. ഞാൻ പറയുന്ന മാനദണ്ഡം വെച്ചു നോക്കുകയാണെങ്കിൽ ഈ ൧൫൦ മുതൽ ൩൦൦൦ രൂ. വരെയുള്ള ശമ്പളം വേണമെന്നു തോന്നുന്നില്ല. അയാളുടെ പ്രവൃത്തിയും ഇവിടെ വന്നു ചേരുന്ന സാധനങ്ങളുടെ സ്റ്റോക്കും പുറത്തേക്കു പോകുന്ന സാധനങ്ങളുടെ സ്റ്റോക്കും പണസംബന്ധമായ കായ്ങ്ങളിൽ തട്ടിയെടുക്കുവാനുള്ള കഴിവുമെല്ലാം വെച്ചു നോക്കുമ്പോൾ ഇതു വളരെ കൂടുതലാണ്. അഡ്മിനിസ്ട്രേറ്റീവായിട്ടുള്ള കായ്ങ്ങളും നടത്തുവാൻ ത്രാണിയുള്ള ആളാണെന്നുണ്ടെങ്കിൽ ഈ പുതിയ ഉദ്യോഗസൃഷ്ടിയുടെ ആവശ്യമില്ല. ഇതിനുവേണ്ടി നിങ്ങളും ആദ്യം നിശ്ചയിച്ച ആളും ഹജൂർ സെക്രട്ടറിയേറ്റിലെ ഒരു സൂപ്രണ്ടല്ലെ? സർ, ഗോവിന്ദമേനോനുമായിട്ട് എന്തോ ഒരു ബന്ധമുണ്ടായിരുന്നു. ആ ബന്ധത്തിന്റെ പേരിൽ ഇങ്ങിനെ ഒരു സൃഷ്ടിയുടെ ഔചിത്യം മനസ്സിലാകുന്നില്ല. അതു പാടില്ല സർ, അദ്ദേഹത്തിനു് അതിനു ത്രാണിയില്ല സർ;

Mr. President: Order, order. It is not about the person to be appointed, but if the post is necessary, it need not be on the cadre proposed.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ശമ്പളം നോക്കിയാണ് ഇവിടെ ആളെ നിയമിക്കുന്നതു്. അതിനൊക്കെ ചില പ്രത്യേക ആളുകളുണ്ട്. അങ്ങിനെയുള്ള എഴുപ്പുകളൊക്കെയുണ്ട് ഇവിടെ. അതൊക്കെ പോകണം സർ. അതൊന്നുംകൂടാതെ ഇതിനുനു സരിച്ചിട്ടുള്ള ഒരാളെ ഇത്രവലിയ ശമ്പളമൊന്നും ആവശ്യമില്ലാത്ത തരത്തിൽ വെക്കാൻ കഴിയും, അതിനു് നിങ്ങളും ഒരു കരാറു് പറയുകയാണെങ്കിൽ ഞാൻ അതിനു വേണ്ട തരത്തിയ നിർദ്ദേശം തരാം. നിങ്ങൾക്കു്തന്നെ അതു സമ്മതമാകും. കരാറില്ലാതെ പറയുകയില്ല. ചുരുക്കമായിട്ട് ഒരു ഉറപ്പുകയൊ, രണ്ടുറപ്പുകയൊ ഒന്നും കുറഞ്ഞാൽ പോര സർ, Noes had it, let the noe's have it, I don't mind. നിങ്ങളുടെ കയ്യിലുണ്ടായിരുന്ന വടികൊണ്ടു് തന്നെ ഞങ്ങളോടു് അടിക്കുവാൻ പറയുമ്പോൾ വെറുതെ ആംഗ്യം കാണിച്ചതുകൊണ്ടൊന്നും കാര്യമില്ല സർ. കുറവാളികളായിട്ടുള്ളവരെ ശിക്ഷിക്കണം സർ. ഒരുകുപ്പിമരുന്നു് പുറത്തേക്കു് കൊടുത്താൽ പത്തുപതിനഞ്ചുപ്പിക കിട്ടും. ഇതൊക്കെ എല്ലാവക്കും അറിയാം സർ. മഹാനായ മഹാത്മാഗാന്ധിയുടെ പിൻഗാമികളാണെന്നു് നടിക്കുന്ന നിങ്ങൾ രാമരാജ്യം നടപ്പിൽവരുത്തുവാൻ ശ്രമിക്കുന്ന അദ്ദേഹത്തെ സഹായിക്കേണ്ടവരല്ലെ സർ. അതിനു്വേണ്ടി പ്രവർത്തിയെടുക്കേണ്ടവരല്ലെ. ശ്രീരാമദേവൻ എന്താണു് ചെയ്തതു്? പതിവ്രതയായ അദ്ദേഹത്തിന്റെ ഭാര്യയെ ഉപേക്ഷിച്ചില്ലെ?.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനെപ്പറ്റി അഭിപ്രായവ്യത്യാസമുണ്ട്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: നമുക്കു് അടുത്തകാലത്തു് അഭിപ്രായവ്യത്യാസം ധാരാളം ഉണ്ടായിട്ടുണ്ട്. അതു് എല്ലാവക്കും അറിയാം. ഇന്നലെതന്നെ മഞ്ഞക്കടലാസ്സിൽ പച്ചക്കള്ളമാണെന്നു് അച്ചടിച്ചു വിതരണം ചെയ്തിട്ടുണ്ടായിരുന്നു. അതുകൊണ്ടു് ഞാൻ പറയുന്നതു് ത്രാണിയുള്ള ആളെ നോക്കി നിശ്ചയിക്കണമെന്നാണ്. ചക്കരക്കുടത്തിൽ കയ്യിട്ടാൽ നക്കുവാൻ വാസനയില്ലാത്തവരായിരിക്കണം സർ. അതിൽ എന്തെങ്കിലും തകരാറു് കണ്ടാൽ അവരെ അവിടെനിന്നും പുറത്താക്കണം സർ. ശ്രീരാമദേവൻ ചെയ്തതു് എന്താണു്? സീതയുടെ പാതിവ്രത്യമെന്നു് പറഞ്ഞാൽ തനി പതിവ്രതയാണെന്നു് നല്ല ബോദ്ധ്യമുണ്ടായിരുന്നു. പക്ഷെ, ആ ബോദ്ധ്യമൊക്കെ അവിടെ മാറ്റിവെച്ചു് അദ്ദേഹം ജനഹിതത്തെ മാനിച്ചു. അതുപോലെ ജനങ്ങളുടെ ഹിതവും കൂടി നോക്കണം സർ. കണ്ടമാനം പ്രവൃത്തിച്ചാൽ പോര സർ. അതുകൊണ്ടു് ഈ കായ്ത്തിൽ ആളെ നോക്കാതെ ശമ്പളം ചുരുക്കി കായ്യം നടത്താനുള്ള തന്റേടം കാണിക്കണമെന്നു് പറഞ്ഞുകൊണ്ടു് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റാവുബഹദൂർ ടി. കെ. നായർ: അദ്ദേഹം തന്നതായ ഉപദേശങ്ങളൊക്കെ ശിരസ്സാ വഹിച്ചുകൊണ്ട് ഇവിടെ നടന്നുകൊള്ളാമെന്നു് മാത്രമേ തല്ക്കാലം ഇതിനു് മറുപടി പറയുന്നുള്ളൂ. (ചിരി).

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഞാൻ ഈ കാര്യങ്ങൾ ഇവിടെ പറയുന്നതു് അനുഭവം വെച്ചുകൊണ്ടാണു്. അങ്ങിനെയുള്ള അനുഭവങ്ങളെ മുഖം പിടിക്കണമെന്നു് വിശ്വസിക്കുന്നവനാണു് ഞാൻ. ഇതെല്ലാം ഉള്ളിൽ തട്ടിക്കൊണ്ടാണു് പറയുന്നതു്. അതുകൊണ്ടു് അദ്ദേഹത്തോടു പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ ഉപദേശങ്ങൾ ആണെന്നു് പറഞ്ഞതു് മാറണം. സർ നിർദ്ദേശങ്ങൾ തരുവാൻ വേണ്ടിട്ടാണു് എന്നെ നാട്ടിൽനിന്നു് വോട്ടർമാർ അയച്ചിട്ടുള്ളതു്. എന്നാൽ നിർദ്ദേശങ്ങൾ സ്വീകരിച്ചുവെന്നുള്ളതിൽ ഞാൻ കൃതജ്ഞനാണു്. അങ്ങിനെ ദിനംപ്രതി വളർന്നുവരുന്ന നിർദ്ദേശങ്ങൾ നിങ്ങളുടെ പിന്നിലിരിക്കുന്നവർക്കും, തൊട്ടിരിക്കുന്നവർക്കും ഉണ്ടാകട്ടെയെന്നു് പറഞ്ഞുകൊണ്ടു് ഞാൻ ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

Demand put and carried

iii) 16—Anchal—Miscellaneous

iv) 16—Anchal—Miscellaneous

Mr. K. Ayyappan *(Minister for Works)*: I move for an additional allotment of Rs. 446 under "16-Anchal-Miscellaneous" (payment of washing allowance to Anchal men) and for Rs. 462 under" 16-Anchal-Miscellaneous" (payment of special non-curring allowance to Branch Anchal masters) സർ, ഇതു് അഞ്ചൽ ഡിപ്പാർട്ടുമെണ്ടിലെ മീനിയൽസിനു് വാഷിംങ്ങു് അലവൻസ്സു് കൊടുക്കുവാൻ കുറച്ചു താമസിച്ചുപോയി. അതു് കഴിഞ്ഞ ബഡ്ജറ്റിൽ ഉൾപ്പെടുത്തുവാൻ സാധിച്ചില്ല. അതുപോലെതന്നെ ബ്രാഞ്ചു് അഞ്ചൽ മാസ്റ്റർമാരുടെ ഒരു മാസത്തെ ബോണസ്സും കൊടുക്കുവാൻ താമസിച്ചിട്ടുണ്ടു്. ഈ രണ്ടു കാര്യങ്ങൾക്കു വേണ്ടിട്ടാണു് ഈ സപ്ലിമെണ്ടറിഗ്രാന്റു് കൊണ്ടുവന്നിട്ടുള്ളതു്.

മിസ്റ്റർ എ. ഈച്ചരമേനോൻ: ഇതു് എല്ലാവർക്കും കൊടുക്കുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: മറ്റു പണംകൊണ്ടു് എല്ലാവർക്കും കൊടുക്കും.

Demand put and carried

v) By transfer from B—I. 236.

Mr. K. Ayyappan *(Minister for Works)*: I move Re. 1—under—"By transfer from B-1—236 (urgent repairs done to the sceptic tank attached to the Civil Hospital, Trichur) ഇതു് തൃശ്ശിവപേരൂർ സിവിൽ ആസ്പത്രിയിൽ Septic tank നന്നാക്കുന്നതിനു് വേണ്ടി ചിലവാക്കീട്ടുള്ളതാണു്. ഇതു് ചീഫ് മെഡിക്കൽ ആഫീസർ ആവശ്യപ്പെട്ടതനുസരിച്ചു് ചെയ്തുകൊടുക്കുന്നതാണു്. അതുകൊണ്ടു് ഈ പണം അനുവദിച്ചുതരണമെന്നു ആവശ്യപ്പെട്ടുകൊള്ളുന്നു.

Demand put and carried.

5. LEGISLATIVE BUSINESS—GOVERNMENT BILLS

1. The Cochin Arecanut Markets Bill

Rao Bahadur T. K. Nayar *(Minister for Home Affairs)*: I move the Select Committee report on the Cochin Arecanut Markets Bill be taken into consideration.

Mr. M. Sivarama Menon (*Constitutional Adviser*): I second it.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സർ, ഇതിനെപ്പറ്റി ഒന്നു് ചോദിച്ചുകൊള്ളട്ടെ. സിലക്ടു് കമ്മിറ്റിക്കയച്ചപ്പോൾ നിയമമായാൽ ഇതു് സാധിക്കുമെന്നു് ഉദ്ദേശിച്ചു് കൊണ്ടുവന്നതാണല്ലൊ ഈ ബിൽ. ഇതിനെപ്പറ്റി ആലോചിച്ചു നോക്കിയപ്പോഴും തെളിവെടുത്തു നോക്കിയപ്പോഴും ഈ കാര്യങ്ങൾ നടക്കുകയില്ലെന്നു് മനസ്സിലായി. അതിൽ ചില സജഷൻസ്സു് കൊടുത്തിട്ടുണ്ടു്. കോ-ഓപ്പറേറ്റീവു് ബേസിസ്സിൽ ഉള്ള സഹായങ്ങൾ ചെയ്യുവാനായിട്ടാണു്. ചുരുക്കത്തിൽ പറയുകയാണെങ്കിൽ അതാണു് കാര്യം. ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly